പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 3300

18/02/2013 ൽ
മറുപടിക്ക്

## കമലാ സുരയ്യ സാംസ്കാരിക സമുച്ചയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ഗീതാ ഗോപി | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) കേരള സാഹിത്യ അക്കാദമിക്ക് കമലാ സുരയ്യ ദാനം ചെയ്ത ഭൂമിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശിലാസ്ഥാപനം നടത്തിയ കമലാ സുരയ്യ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണപുരോഗതി വിശദീകരിക്കാമോ; | (എ) കമലാ സുരയ്യ സാംസ്കാരിക സമുച്ചയ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. ഒരു കോടി നാല്പത്തിയെട്ടു ലക്ഷം രൂപയുടെ ഒരു പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാരിൽ നിന്ന് ഇതിനായി അനുവദിച്ച 20 ലക്ഷം രൂപ പി.ഡബ്ള്യൂ.ഡി. യ്ക്ക് നൽകിയിട്ടുണ്ട്. ഒന്നാംഘട്ട ജോലിയുടെ മുഴുവൻ തുകയും ഈ സാമ്പത്തികവർഷം തന്നെ അടച്ച് ആദ്യഘട്ടം വേഗം പൂർത്തിയാക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. തുടർന്ന് ഘട്ടംഘട്ടമായി മുഴുവൻ ജോലികളും പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. |
| (ബി) മലയാള ഭാഷയേയും സാഹിത്യത്തേയും ലോകശ്രദ്ധയിൽ കൊണ്ടുവന്ന കമലാ സുരയ്യയെ സ്മരിക്കുന്നതിന് മറ്റെന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ബി) മറ്റു പദ്ധതികൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ